**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17)-ആസൂത്രണ മാർഗ്ഗരേഖയും, സാമ്പത്തിക മാർഗ്ഗരേഖയും കൂട്ടതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ **(ഡി.എ)** വകുപ്പ്

സ.ഉ(സാധാ)നം. **3219/2016**/തസ്വഭവ തീയതി, തിരുവനന്തപുരം **25.11.2016.**

പരാമർശം :- 1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

2) 10.08.2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം നമ്പർ 1.8

3) 14.11.2016 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനം നമ്പർ 3.21

**<u>ഉത്തരവ്</u>**

പരാമർശം (2) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന വിവിധ തരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഭവന നിർമ്മാണത്തിനൊഴികെ പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപയായും പട്ടിക ജാതി വിഭാഗത്തിന് 1.5 ലക്ഷം രൂപയായും ഉയർത്തി തീരുമാനിച്ചു. പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാനപരിധി ബാധകമല്ല എന്നും വീട് നൽകുന്നതിനുള്ള വാർഷിക വരുമാനപരിധി നിലവിലുള്ള 50,000/- രൂപയിൽ തുടരുന്നതാണ് എന്നും പട്ടിക ജാതി വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് വരുമാന പരിധി നോക്കേണ്ടതില്ലാ എന്നും തീരുമാനിച്ചിരിന്നു.

2) മേൽ തീരുമാനം കൃഷി തുടങ്ങിയ ഉത്പാദന മേഖലയിലേക്ക് കൂടി ബാധകമാണോ എന്ന് വ്യക്തത വരുത്തുന്നത് സംബന്ധിച്ച വിഷയം പരാമർശം (3)ലെ സി.സി. യോഗം പരിശോധിക്കുകയുണ്ടായി. കാർഷിക മേഖലയിൽ സബ്സിഡി നൽകുന്നത് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി മാനദണ്ഡമാക്കിയാണ്, ആയതിനാൽ പരാമർശം (2)ലെ സി.സി. തീരുമാനം കൃഷി തുടങ്ങിയ ഉല്പാദന മേഖലയ്ക്ക് ബാധകമല്ലയെന്നും അവയ്ക്ക് മാർഗ്ഗരേഖയിൽ നിലവിലുള്ള വ്യവസ്ഥതന്നെ ബാധകമാകുന്നു എന്നും ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ**